ഉത്തരം

(എ-ഡി) മലേറിയ നിർമ്മാർജ്ജന പദ്ധതിക്കായി 1997-98-ൽ 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. 50% കേന്ദ്രസഹായമുള്ള പദ്ധതിയിൽ കേന്ദ്രത്തിന്റെ 50% വിഹിതം മരുന്നും സാധനസാമഗ്രികൾക്കുമായിട്ടാണ് ലഭിക്കുന്നത്. സംസ്ഥാന വിഹിതമായ 50 ലക്ഷം രൂപയിൽ 46.41 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. 15.70,000 രൂപ തസ്തിക നിലവിലില്ലാത്തതിനാൽ ശമ്പള ഇനത്തിലും നിശ്ചയിച്ച സമയത്ത് കമ്പനി വിതരണം പൂർത്തിയാക്കാത്തതിനാൽ കീടനാശിനി വാങ്ങുന്നതിനുള്ള 5,90,000 രൂപയും ലാപ്സായിട്ടുണ്ട്.

(ഇ) കോഴിക്കോടും എറണാകുളത്തും സോണൽ മലേറിയ ഓർഗനൈസേഷൻ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സാങ്കേതിക വിദഗ്ദ്ധരുടെ വിദഗ്ദ്ധ സഹായങ്ങളിലൂടെ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നുണ്ട്.

## പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലെ പരിശോധനാ സൗകര്യങ്ങൾ

145 (3074)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഏതെല്ലാം പരിശോധനാസൗകര്യങ്ങളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത പരിശോധനകൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) സർക്കാർ ആശുപത്രികളിലെ പരിശോധനകൾക്കാവശ്യമായ റീയേജന്റുകൾ പബ്ലിക് ഹെൽത്ത് ലാബിലാണോ തയ്യാറാക്കുന്നത്;

(ഡി) റീയേജന്റ് ആവശ്യാനുസരണം നൽകുന്നതിന് ഇന്നുള്ള ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്പോൾ എത്ര ജീവനക്കാരാണ് ഈ യൂണിറ്റിൽ ഉള്ളത്;

(എഫ്) റീയേജന്റ് മാനുഫാക്ചറിംഗ് യൂണിറ്റിലെ തസ്തികകൾ എന്നാണ് അനുവദിച്ചത്;

(ജി) പ്രസ്തുത യൂണിറ്റിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നിവയിൽ നടത്തുന്ന പരിശോധന, ഇമ്മ്യൂണോഫൈസേഷൻ, മലേറിയാ പരിശോധന, ആന്റി റാബീസ് ട്രീറ്റുമെന്റ് തുടങ്ങിയ സൗകര്യങ്ങളാണ് നിലവിലുള്ളത്.

(ബി) ഉടനെ തുടങ്ങാനിരിക്കുന്ന പുതിയ പരിശോധനകൾക്ക് പുറമേ പരിശോധന റിസൽട്ടുകൾ കമ്പ്യൂട്ടർവൽക്കരിച്ച് നൽകുന്നതിനുള്ള ഉദ്ദേശവും ഉണ്ട്. പുതിയ പരിശോധനാ സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ചെറിയ അളവിലുള്ള റീയേജന്റുകൾ ഇവിടെ നിർമ്മിച്ച് മറ്റു ആരോഗ്യ സ്ഥാപനങ്ങളിലെ ലാബോറട്ടറികളിലേക്ക് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ഏഴ് ജീവനക്കാർ.

(എഫ്) 1997-ൽ ഐ.വി. ഫ്ളൂയിഡ് സ്റ്റൈൽ സെക്ഷൻ നിർത്തലാക്കിയപ്പോൾ അവിടെയുണ്ടായിരുന്ന ജീവനക്കാരെ റീയേജന്റ് സെക്ഷനിലേക്ക് മാറ്റുകയാണ് ഉണ്ടായത്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## "പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനം"

**146 (3075)** ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയവയോടനുബന്ധിച്ച് നടത്തപ്പെടുന്ന പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിന് ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) സർക്കാർ ആശുപത്രികളിലെ ആശുപത്രിവികസന കമ്മിറ്റികൾ നടത്തുന്ന പേയിംഗ് കൗണ്ടറുകൾ ആശുപത്രികളിലെ ഫാർമസികളുടെ മേൽനോട്ടത്തിലും സഹകരണത്തോടെയും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നവയായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

രോഗികൾക്ക് ന്യായമായ വിലയ്ക്ക് അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതല്ലാതെ പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിന് ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## മഹിളാ സ്വസ്ത് സംഘങ്ങൾ

**147 (3076)** ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹിളാ സ്വസ്ത് സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സർക്കാർ നിർദ്ദേശപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly